# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2761 — 09.03.2017-ൽ മറുപടിയ്ക്ക്

**രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് സ്ഥിരം വേദി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് സ്ഥിരം വേദി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ നിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 15 ഏക്കർ സ്ഥലം ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തീയേറ്ററുകൾ, കൺവെൻഷൻ സെന്റർ, ഓഫീസ്, സെമിനാർ ഹാൾ, മീഡിയ റൂം, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം (ആർ.എഫ്.പി.) കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന വിദഗ്ധ ഏജൻസി ഡി.പി.ആർ തയ്യാറാക്കുന്നതാണ്. |
| (ബി) സ്ഥിരം വേദി യാഥാർത്ഥ്യമാക്കുമ്പോൾ ഇപ്പോൾ അനുവദിക്കുന്ന പ്രതിനിധികളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ സാധ്യതയുണ്ടോ; മേളയിലെ പങ്കാളിത്തം സംബന്ധിച്ച് സർക്കാർ നിലപാട് എന്താണ്; | (ബി) ഇല്ല. 15,000 ഡെലിഗേറ്റുകളുടെ പങ്കാളിത്തമാണ് ഉദ്ദേശിക്കുന്നത്. |
| (സി) നിലവിൽ സംഘടിപ്പിക്കുന്ന രീതി മാറ്റി സ്ഥിരം വേദിയിലാക്കുന്നത് കൊണ്ടുള്ള മെച്ചം ഏതൊക്കെ മേഖലകളിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) സ്ഥിരം വേദിയാക്കുന്നതുകൊണ്ട് സർക്കാരിനും ചലച്ചിത്ര അക്കാദമിക്കും ഇപ്പോൾ തീയേറ്റർ വാടകയിനത്തിൽ നൽകി വരുന്ന ചെലവ് കുറയ്ക്കുവാൻ സാധിക്കും. മാത്രമല്ല സ്ഥിരം വേദിയാക്കുന്നതുകൊണ്ട് താഴെ പറയുന്ന സൗകര്യങ്ങൾ ഒരുക്കുവാൻ കഴിയുന്നതാണ്.<br>1. 2500 പേർക്ക് ഇരിക്കാവുന്ന ഒരു **കൺവെൻഷൻ സെന്റർ** |

2. 1000 പേർക്ക് ഇരിക്കാവുന്ന ഒരു തീയേറ്റർ

3. 100 നും 800 നും ഇടയ്ക്ക് ഇരിക്കുവാൻ സൗകര്യമുള്ള എട്ടോളം തീയേറ്ററുകൾ

4. ചലച്ചിത്ര അക്കാദമിക്ക് ഓഫീസ് കെട്ടിടം

5. ഒരു ഓപ്പൺ തീയേറ്റർ, ലൈബ്രറി, ആർക്കൈവ്സ്, റിസർച്ച് സെന്റർ, മീഡിയ, സെമിനാർ മുറികൾ, സിനിമാ ആസ്വാദകർക്ക് താമസിക്കുവാനുള്ള സൗകര്യങ്ങൾ

6. ഫിലിം മ്യൂസിയം

(ഡി) നല്ല സിനിമകൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ജില്ലകൾ കേന്ദ്രീകരിച്ച് ഇത്തരം അന്താരാഷ്ട്ര ചലച്ചിത്രമേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി). ഉണ്ട്. അന്താരാഷ്ട്ര ചലച്ചിത്ര മേളകളിലൂടെ നല്ല സിനിമകൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ആവശ്യാനുസരണം അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് വഴി സിനിമകൾ പ്രദർശിപ്പിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ